**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1991 16.02.2016 -ലെ മറുപടിക്ക്.

## തടിമില്ലുകൾക്ക് ലൈസൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ) | |
| **(എ)** | തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകാത്തത് മൂലം മില്ലുടമകൾ അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടി കൾ സ്വീകരിക്കുമെന്ന് വ്യക്ത മാക്കുമോ ; | **(എ)** | തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷകളിൽ നടപടി എടുക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ നിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം വരുത്താതെ ലൈസൻസ് പുതുക്കി നൽകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർക്കും (ആതറൈസ്ഡ് ഓഫീസർ) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(ബി)** | ഇത്തരം മില്ലുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് അനുകൂലമായി എന്തെങ്കിലും കോടതി വിധികൾ വന്നിട്ടുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാ ക്കുമോ? | **(ബി)** | ഇത് സംബന്ധിച്ച കോടതി വിധികൾ ഒന്നും വന്നിട്ടില്ല. |

Chitra
സെക്ഷൻ ഓഫീസർ.